**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകർക്കു നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറികൾ സംഭരിച്ച വകയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിനത്തിൽ കർഷകർക്ക് ഹോർട്ടികോർപ് അനുവദിക്കാനുള്ള കുടിശിക തുകയുടെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | പച്ചക്കറികൾ സംഭരിച്ച വകയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിനത്തിൽ കർഷകർക്ക് ഹോർട്ടികോർപ് അനുവദിക്കാനുള്ള കുടിശിക തുക 3,69,46,693 രൂപയാണ്. ജില്ലാ സംഭരണ കേന്ദ്രം അടിസ്ഥാനത്തിൽ തരംതിരിച്ച കണക്ക് താഴെ ചേർക്കുന്നു: ആലപ്പുഴ – 99,812 രൂപ എറണാകുളം - 6,82,339 രൂപ ഇടുക്കി - 23,30,360 രൂപ കണ്ണൂർ - 12,88,693 രൂപ കൊല്ലം - 49,241 രൂപ കോട്ടയം - 6,54,518 രൂപ കോഴിക്കോട് - 20,97,212 രൂപ മലപ്പുറം - 3,16,812 രൂപ പാലക്കാട് - 45,72,372 രൂപ പത്തനംതിട്ട - 63,599 രൂപ തൃശ്ശൂർ - 29,27,335 രൂപ തിരുവനന്തപുരം - 2,06,52,027 രൂപ വയനാട് - 12,12,373 രൂപ ആകെ - 3,69,46,693 രൂപ |
| (ബി) | സംസ്ഥാനത്തെ ആകെ പദ്ധതി വിനിയോഗം വകയിരുത്തിയ തുകയുടെ വെറും 40 ശതമാനം എന്നിരിക്കെ ഹോർട്ടികോർപ് മിഷന് സർക്കാർ ഫണ്ട് നൽകുന്നില്ല എന്ന മിഷന്റെ വാദത്തിന്മേൽ വ്യക്തത നൽകാമോ; | (ബി) | വിപണി ഇടപെടലിനായി സ.ഉ (സാധാ) നം. 583/2021/കൃഷി തീയതി 06.07.2021 പ്രകാരം 3.5 കോടി രൂപയും കൃഷി ഡയറക്ടറുടെ ഉത്തരവ് നം. ADFW/4208/2021-TM2 dated 06.08.2021 പ്രകാരം 6.75 കോടി രൂപയും സ.ഉ (സാധാ) നം. 77/2022/കൃഷി തീയതി 03.02.2022 പ്രകാരം 3 കോടി രൂപയും (ആകെ 13.25 കോടി രൂപ) ഹോർട്ടികോർപ്പിന് അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ സ.ഉ (സാധാ) നം.181/2022/ കൃഷി തീയതി 04.03.2022 തീയതി പ്രകാരം 3 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | മിഷന്റെ ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ വേതന ഇനത്തിലും മറ്റു വകയിലും ഈ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (സി) | ഈ സാമ്പത്തിക വർഷം (ജനുവരി 31 വരെ) ഹോർട്ടികോർപ്പിന്റെ ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ വേതനം/ ആനുകൂല്യങ്ങൾ എന്നിവയ്ക്കും മറ്റ് ഇനങ്ങൾക്കുമായി 12,37,28,061 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു: ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾ 78,34,519 രൂപ; |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും 8,50,18,997 രൂപ; തേനീച്ച വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ 1,04,65,886 രൂപ; വാഹനങ്ങളുടെ ഇന്ധനം, വാഹന വാടക/അറ്റകുറ്റപണികൾ, കയറ്റിറക്കുകൂലി, 2021 ഓണം, ക്രിസ്തുമസ് വിപണി ഇടപെടലിനായുള്ള പച്ചക്കറി വിതരണവുമായി ബന്ധപ്പെട്ട ചിലവ് തുടങ്ങിയ മറ്റ് ഇനങ്ങൾ 2,04,08,659 രൂപ; ആകെ 12,37,28,061 രൂപ. |

സെക്ഷൻ ഓഫീസർ